**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1098 **03.12.2015** -ലെ മറുപടിയ്ക്ക്

## സർക്കാർ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ദിവാകരൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ ആയത് ആരംഭിക്കുമെന്ന 2012-13 ലെ ബഡ്ജറ്റ്പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര കോളേജുകൾ ആരംഭിച്ചു; ബാക്കിയുള്ളവ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (എ) | 17 ഗവ.കോളേജുകളും ഒരു എയ്ഡഡ് കോളേജും അനുവദിച്ചു. മലമ്പുഴ, ആലത്തൂർ എന്നീ രണ്ട് നിയോജകമണ്ഡലങ്ങളിൽ നിന്നു പ്രൊപ്പോസലുകൾ കിട്ടിയിട്ടില്ല. വൈപ്പിനിൽ കോളേജ് അനുവദിക്കുന്നതു സംബന്ധിച്ച ശുപാർശയിൻമേൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്ന അധിക വിവരങ്ങൾ ലഭ്യമാക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കരുനാഗപ്പള്ളിയിൽ ഗവ. കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രോപ്പോസൽ സജീവ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**